# വക്കം മൗലവിയുടെ തിരഞ്ഞെടുത്ത കൃതികൾ

Sets - No. 5

എഡിററുചെയ്തതു്:
എസു്. മുഹമ്മദു് അബ്ദാ

പ്രസാധനം:
വക്കം മൗലവി പബ്ളിക്കേഷൻസു്
വക്കം - 695 308

1979

വില 20 രൂപ

ങ്ങൾക്ക് വിഷമം ഉണ്ടാക്കുന്നതിന്ന് ദൈവം വിചാരിക്കുന്നില്ല; എന്നാൽ നിങ്ങളെ ശുദ്ധീകരിക്കുന്നതിനും തന്റെ കാരുണ്യത്തെ നിങ്ങൾക്ക് പൂർത്തിയാക്കുന്നതിനുമത്രേ ദൈവം വിചാരിക്കുന്നതു്.' (ഖു) ഇപ്രകാരമാകുന്നു ഇസ്ലാംമതം ഉപദേശിക്കുന്നതു്.

## ഇസ്ലാംമതത്തിൽ പൗരോഹിത്യമില്ല

ലൗകികകാര്യങ്ങളിൽ ജനങ്ങളുടെ മേൽ അധികാരം നടത്തുന്നതിന്ന് രാജാക്കന്മാരും രാജ്യഭരണാധികാരികളുമുള്ളതുപോലെ ആത്മീയവിഷയങ്ങളിൽ അധികാരമുള്ളവരായി പുരോഹിതന്മാർ അല്ലെങ്കിൽ മതാദ്ധ്യക്ഷന്മാർ എന്നു് ഒരു വകക്കാർ പല മതക്കാരുടെയിടയിലുമുണ്ടു്. ജനങ്ങളുടെ ആത്മാക്കളെ കേവലം യന്ത്രങ്ങളെന്നവണ്ണം സ്വാധികാരശക്തികളാൽ ഹിതംപോലെ നിയന്ത്രിക്കത്തക്കവണ്ണം ഈ പുരോഹിതന്മാരുടെ അധികാരബലം മുൻകാലങ്ങളിൽ വളരെ പ്രാബല്യമുള്ളതായിരുന്നു എന്നും അതിൽനിന്നു് അതാതു് മതക്കാരായ പൊതുജനങ്ങൾ ഓരോ കാലങ്ങളിൽ വളരെ കഷ്ടനഷ്ടങ്ങൾ അനുഭവിച്ചിരുന്നു എന്നും, അതു് അവരുടെ ആത്മീയമായ സ്വാതന്ത്ര്യത്തിനും പൊതുവായ ഉൽഗതിക്കും വളരെ തടസ്സമായി നിന്നിരുന്നു എന്നുമുള്ള സംഗതികൾ പ്രസിദ്ധമാണു്. അന്നത്തെ ശക്തിയും പ്രാബല്യവും ഇപ്പോൾ വളരെക്കുറഞ്ഞുപോയിട്ടുണ്ടെങ്കിലും ഇന്നും ആ അധികാരം പല മതക്കാരുടെയിടയിലും നിലനിന്നുപോരുന്നുണ്ടു്. എന്നാൽ ഇസ്ലാംമതത്തിലാകട്ടെ ഇങ്ങനെ ഒരധികാരമേയില്ല. ഇസ്ലാംമതത്തിൽ മതകാര്യങ്ങളിൽ വിധികർത്താവു് മതത്തിന്റെ മൂലപ്രമാണങ്ങളായ ഖുർആനും ഹദീസും മാത്രമാകുന്നു. ഖുർആന്റെയും ഹദീസിന്റെയും ശാസനകളെ പിൻതുടരുകയല്ലാതെ മതവിഷയത്തിൽ ഹിതംപോലെ ഓരോ സംഗതികളെ വിധിക്കുവാനോ വിരോധിക്കുവാനോ ആർക്കും പാടില്ല. മതത്തിൽ എല്ലാവരും സമാവകാശികളാണു്, സ്വന്തബുദ്ധികൊണ്ടു് മതത്തെ ഗ്രഹിക്കുവാൻ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടു്. എന്നല്ല, സംഗതികളെ സ്വബുദ്ധികൊണ്ടു് ഗ്രഹിക്കാതെ അന്യരുടെ അഭിപ്രായത്തെ



കണ്ണുമടച്ചു് വിശ്വസിക്കുന്നതിനെ മതം നിന്ദിക്കുകയും ചെയ്യുന്നു. അതിനാൽ ഒരുകൂട്ടർക്കു മതത്തിൽ പ്രത്യേക അവകാശമോ അധികാരമോ സിദ്ധിക്കുവാൻ മാർഗ്ഗം തന്നെയില്ല. തന്നിമിത്തം മററു പല മതക്കാരുടെയിടയിലുമുള്ളതുപോലെ മതവിഷയത്തിൽ സ്വതന്ത്രാധികാരത്തോടു കൂടിയ പുരോഹിതന്മാരെന്നൊരു വകക്കാർ ഇസ്ലാംമതത്തിൽ ഉത്ഭവിച്ചിട്ടില്ല. മതവിധികളെ അറിവുള്ളവർ അറിവില്ലാത്തവർക്കു് മതത്തിലുള്ളപ്രകാരം ഉപദേശിച്ചുകൊടുക്കുകയും അറിവില്ലാത്തവർ അറിവുള്ളവരോടു് ചോദിച്ചു് ഗ്രഹിച്ചുകൊള്ളുകയും ചെയ്യണമെന്നു് മാത്രമാകുന്നു ഇസ്ലാംമതം വിധിക്കുന്നതു്.

രാജ്യഭരണം ചെയ്യുന്ന ഖലീഫാമാർക്കു് അല്ലെങ്കിൽ സുൽത്താന്മാർക്കു് മതാധികാരം കൂടിയുണ്ടെന്നു് സാധാരണ പറയപ്പെട്ടുവരുന്നതിന്റെ അർത്ഥം മതനിയമങ്ങളെ ആരും ലംഘിക്കാതെ മതത്തെ സംരക്ഷിക്കുകയും അതിനെ പ്രബലപ്പെടുത്തുകയും ചെയ്യുന്നതിനുള്ള കടമ അവരിൽ വിശേഷിച്ചും സ്ഥിതിചെയ്യുന്നു എന്നു് മാത്രമേയുള്ളൂ. പരിശുദ്ധനബിയ്ക്കുതന്നെയും മതത്തെ ദൈവം തനിക്കു് അറിയിച്ചു് തന്നിട്ടുള്ളപ്രകാരം ജനങ്ങളെ അറിയിക്കുവാനും സത്യത്തെയും സന്മാർഗ്ഗത്തേയും കുറിച്ചു് അവർക്കു് ഉണർച്ചയുണ്ടാക്കുവാനുമല്ലാതെ അവരുടെ മേൽ സ്വതന്ത്രാധികാരം നടത്തുവാൻ അർഹതയില്ലായിരുന്നു എന്നു് 'നീ അവരെ ഉണർത്തുക, നീ ഉണർത്തേണ്ട ആൾ മാത്രമാകുന്നു: നീ അവരുടെ മേൽ സ്വതന്ത്രാധികാരം നടത്തേണ്ടയാളല്ല.' (ഖു) എന്നിങ്ങനെയുള്ള പല ദൈവവാക്യങ്ങൾ സ്ഥാപിച്ചിരിക്കുന്നു.

## ഇസ്ലാം ബുദ്ധിയെ ആദരിക്കുന്ന മതമാകുന്നു

ഇസ്ലാംമതം ബുദ്ധിയോടു് യോജിച്ച മതമാകുന്നു. അതായതു് ബുദ്ധി നിഷേധിക്കുന്ന യാതൊരു തത്വങ്ങളും അതിലടങ്ങിയിട്ടില്ല. ബുദ്ധിയ്ക്കെത്താത്ത അതീത വിഷയങ്ങളെക്കുറിച്ചു് അതു് പ്രതിപാദിക്കുന്ന ചില കാര്യങ്ങളുടെ സൂക്ഷ്മതത്വങ്ങൾ ബുദ്ധികൊണ്ടു് ഗ്രഹിക്കുവാൻ

മെന്നല്ലാതെ അവ അസംഭവ്യങ്ങളെന്ന് ബുദ്ധി വിധിക്കത്തക്കവയായിരിക്കയില്ല. ബുദ്ധിക്ക് അസംഭവ്യമായി കാണുന്ന ബാഹ്യാർത്ഥത്തോടുകൂടിയ വല്ല വാക്യങ്ങളും ഖുർആനിലോ ഹദീസിലോ കാണുന്നതായാൽ ആ ബാഹ്യാർത്ഥമല്ല അവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നും ബുദ്ധി നിഷേധിക്കാത്ത ഏതോ അർത്ഥം അവിടെ ഉണ്ടെന്നും നിശ്ചയിക്കണമെന്നുമാണ് മതസിദ്ധാന്തം. ഇപ്രകാരമുള്ള വചനങ്ങളെക്കുറിച്ച് മതാചാര്യന്മാരായ ഉലമാക്കളുടെയിടയിൽ രണ്ടുപക്ഷമുണ്ട്. ഒന്ന് ആ വചനങ്ങൾക്ക് ബുദ്ധിക്ക് വിരോധമില്ലാത്ത അർത്ഥമുണ്ടായിരിക്കുമെന്നും എന്നാൽ അത് നമുക്ക് ദുർഗ്രഹമായിരിക്കാമെന്നും അതിനാൽ ആ ഭാഗം ദൈവത്തിൽ സമർപ്പിച്ച് വിട്ടേക്കണമെന്നുമാണ്. ഇത് പൂർവ്വന്മാരായ ഉലമാക്കളുടെ (സലഫിന്റെ) പക്ഷമാകുന്നു. പില്ക്കാലത്തെ ഉലമാക്കളുടെ പക്ഷം ആ ഭാഗത്തെ ഭാഷാനിയമമനുസരിച്ച് വ്യാഖ്യാനിച്ച് ബുദ്ധിക്കു വിരോധമില്ലാത്ത അർത്ഥത്തെ സങ്കല്പിക്കണമെന്നാണ്. ചുരുക്കത്തിൽ ബുദ്ധിക്കും പ്രമാണത്തിനും തമ്മിൽ വിരുദ്ധഭാവം തോന്നിപ്പിക്കുന്ന ദിക്കിൽ ആ പ്രമാണ വചനത്തെ സംബന്ധിച്ച് മേൽപ്പറഞ്ഞ രണ്ടിലൊരു മാർഗ്ഗത്തെ സ്വീകരിക്കുകയും ബുദ്ധിക്കുതന്നെ പ്രാമാണ്യം കൊടുക്കുകയും ചെയ്യണമെന്ന് താല്പര്യം.

പിന്നെ വിശ്വാസങ്ങളൊക്കെ ലക്ഷ്യപൂർവ്വങ്ങളായിരിക്കണമെന്ന് ഇസ്ലാംമതം സിദ്ധാന്തിക്കുന്നു എന്ന് മുമ്പ് പറഞ്ഞിട്ടുണ്ട്. ലക്ഷ്യംകൂടാതെ കേവലം ഊഹത്തെ മാത്രം ആസ്പദമാക്കിക്കൊണ്ടുള്ള വിശ്വാസത്തേയും അപ്രകാരം വിശ്വസിക്കുന്നവരേയും അത് ആക്ഷേപിക്കുന്നു. ''അതിനെക്കുറിച്ച് അവക്ക് നിശ്ചയമില്ല; അവർ ഊഹത്തെ പിന്തുടരുക മാത്രമാണ് ചെയ്യുന്നത്; സത്യത്തെ അറിയുന്നതിന് ഊഹം യാതൊരു പ്രയോജനവും ചെയ്യുകയില്ല.'' (53–28) പൂർവ്വന്മാരുടെ വാക്കുകളേയും നടപടികളേയും ഗുണദോഷവിവേചനം കൂടാതെ കണ്ണടച്ച് വിശ്വസിക്കുകയും അനുകരിക്കയും ചെയ്യുന്നവരെ



ഇസ്ലാംമതം കഠിനമായി നിന്ദിക്കുന്നു. ''ദൈവമതത്തേയും ദൈവത്തിന്റെ ദൂതനേയും വിശ്വസിക്കുന്നതിന് നിങ്ങൾ വരുവിൻ എന്ന് അവരോട് പറയപ്പെട്ടപ്പോൾ ഞങ്ങൾ ഞങ്ങളുടെ പൂർവ്വന്മാരുടെ മതത്തെ പിന്തുടരുകയേ ഉള്ളൂ എന്ന് അവർ പറയുന്നു. അവരുടെ പൂർവ്വന്മാർ യാതൊന്നും അറിയാത്തവരും സത്യമാർഗ്ഗത്തെ കണ്ടിട്ടില്ലാത്തവരും ആയിരുന്നാൽ പോലും അവർ അവരെത്തന്നെ പിന്തുടരുകയേ ഉള്ളോ?'' (5–107) ഈ പ്രപഞ്ചത്തേയും അതിലടങ്ങിയ വസ്തുക്കളേയും തത്വങ്ങളേയും കുറിച്ച് ചിന്തിച്ച് നോക്കുന്നതിനും ഇസ്ലാംമതം വളരെ നിഷ്കർഷയോടുകൂടി ഉപദേശിക്കുന്നു. അപ്രകാരം ചിന്തിക്കുന്നവരെ സ്തുതിച്ച് പറയുകയും ചെയ്തിരിക്കുന്നു. ''ഉപരിലോകങ്ങളിലും ഭൂമിയിലും എന്താണെന്ന് നോക്കുവിൻ എന്നു നീ അവരോട് പറയുക.'' ([illegible]) ''ഉപരിലോകങ്ങളിലും ഭൂമിയിലും ദൈവം സൃഷ്ടിച്ചിരിക്കുന്ന സർവ്വവസ്തുക്കളിലും അവർ ചിന്തിച്ച് നോക്കുന്നില്ലയോ?'' (7–185) ''നില്ക്കുമ്പോഴും ഇരിക്കുമ്പോഴും കിടക്കുമ്പോഴും ദൈവത്തെ സ്മരിക്കുന്നവർക്ക് ഉപരിലോകങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിയിലും രാത്രിയുടെയും പകലിന്റെയും മാററത്തിലും പല ദൃഷ്ടാന്തങ്ങളും അടങ്ങിയിരിക്കുന്നു.'' (3–190) സംഗതികളുടെ പരമാർത്ഥത്തെ അറിയുവാനായി ബുദ്ധി ഉപയോഗിക്കാത്ത മൂഢജനങ്ങളെ ഇസ്ലാംമതം അതികഠിനമായി നിന്ദിക്കുന്നു. ''അവക്ക് ഹൃദയങ്ങളുണ്ട്, അവകൊണ്ട് അവർ അറിയുന്നില്ല; അവക്ക് കണ്ണുകളുണ്ട്, അവകൊണ്ട് അവർ കാണുന്നില്ല; അവർക്ക് ചെവികളുണ്ട്, അവകൊണ്ട് അവർ കേൾക്കുന്നില്ല; അവർ മൃഗതുല്യന്മാരാകുന്നു. അഥവാ അവയെക്കാൾ വഴിപിഴച്ചവരാകുന്നു''

★